ISSUE 01, MARCH, 2025

KERALA TIMES
കേരളാ ടൈംസ്

MAGAZINE

ഹൗഡിനി എന്ന മാന്ത്രികന്റെ കഥ
ശ്രീ ഗോപിനാഥ് മുതുകാട്

പ്രവാസികളുടെ സംഗമ വേദിയായ്

പ്രവാസി സംഗമം 2025

പ്രവാസ ജീവിതത്തിന്റെ വെല്ലുവിളികൾ
പോൾ കറുകപ്പിള്ളിൽ

വെളിച്ചത്തിലൂടെയുള്ള യാത്ര
പ്രവാസിബന്ധു ഡോ.എസ്. അഹമ്മദ്



SPECIAL EDITION

news@keralatimes.com
www.keralatimes.com

SAJ EARTH RESORT & CONVENTION CENTER



SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

KERALA TIMES

ഉള്ളടക്കം

CHIEF EDITOR
Latha Paul Karukappillil

MANAGING EDITOR
Paul Karukappillil

EXECUTIVE EDITORS
Simmy Rosebell John
Mithun Mathew
Asish KM
Noby Paul

RIGHTS RESERVED
Kerala Times.com

ENQUIRIES
+91 85477 30600
+1 (845) 553-5671 (US)
+91 96458 66437

MAIL US
news@keralatimes.com

VISIT ONLINE
www.keralatimes.com

ADDRESS
G19, Ground Floor, Pioneer Tower, Shanmugam Road, Kochi-31, Kerala, India

06 **ജസ്റ്റിസ് കുര്യൻ ജോസഫ്**
ഓരോ പ്രവാസിയും എന്നെ ഞാനാക്കിയ എന്റെ നാടിന് തിരിച്ചു കൊടുക്കണം എന്നുള്ള ആഗ്രഹവും താല്പര്യവും അതിനുള്ള ആവേശവും ഉള്ളവരാണ്.

16 **ഹൗഡിനി എന്ന മാന്ത്രികന്റെ കഥ**
ശ്രീ ഗോപിനാഥ് മുതുകാട്

14 **വെളിച്ചത്തിലൂടെയുള്ള യാത്ര**
പ്രവാസിബന്ധു ഡോ.എസ്. അഹമ്മദ്

പ്രത്യേക പ്പതിപ്പ്
പ്രവാസി സംഗമം 2025

31 **ബെർമുഡ ട്രയാംഗിളിന് മേലെ തെല്ല് ഭീതിയോടെ**
ലതാ പോൾ കറുകപ്പിള്ളിൽ

23 **പ്രവാസ ജീവിതത്തിന്റെ വെല്ലുവിളികൾ: ഒളിഞ്ഞു നില്ക്കുന്ന സങ്കീർണതകൾ**
പോൾ കറുകപ്പിള്ളിൽ

29 **പ്രവാസി മലയാളികളുടെ സാമൂഹിക-ക്ഷേമ സംഭാവനകൾ**
മിഥുൻ മാത്യു

സന്ദേശങ്ങൾ

12 **ശ്രീ വേണു രാജാമണി**
വിദേശകാര്യ നയതന്ത്രജ്ഞൻ

08 **ആർ. ശ്രീകണ്ഠൻ നായർ**
മാധ്യമ ഇതിഹാസം

പ്രസാധക കുറിപ്പ്



പ്രിയ വായനക്കാരേ,

മലയാളി മനസ്സിന്റെ താളങ്ങളിൽ തൊട്ടുണർന്ന ഒരു മാധ്യമ പ്രതിഭാസമായി 'കേരള ടൈംസ്' ആരംഭിച്ചതിനേക്കാൾ വലിയൊരു കടമയാണ് ഇന്നത് ഏറ്റെടുത്തിരിക്കുന്നത്. പ്രവാസത്തിന്റെ വികാരങ്ങളും സങ്കീർണതകളും അനുഭവിക്കുന്ന അതിരുകളില്ലാത്ത ഒരു സമൂഹമാണ് നമ്മുടേത്. ലോകത്തിന്റെ ഏത് കോണിലും കഴിയുന്ന മലയാളിക്ക് കേരളം എന്നത് ഒരു വികാരമാണ്. അതിനെ ചേർത്ത് പിടിക്കാനും, അവരുമായി ആശയവിനിമയം ഉറപ്പാക്കാനും ഒരു മാധ്യമം കടന്നുവരണം. അതിനായാണ് 'കേരള ടൈംസ്' ഓൺലൈൻ മാധ്യമം രൂപം കൊണ്ടത്.

പ്രവാസ ജീവിതം അതിന്റെ സൗന്ദര്യത്തോടൊപ്പം നിരവധി വെല്ലുവിളികളുടെയും വേവലാതികളുടെയും വക്കിലാണ്. നിയമസമ്പ്രദായങ്ങളുടെ ബുദ്ധിമുട്ടുകൾ, തൊഴിൽ മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ, കുടുംബ ബന്ധങ്ങളിൽ വരുന്ന അകലം, നാട്ടിലേക്ക് മടങ്ങാനുള്ള മോഹത്തിന്റെയും ഭയത്തിന്റെയും അന്തർദ്വന്ദങ്ങൾ—ഇവയെല്ലാം ഓരോ പ്രവാസിയുടെയും ജീവിതത്തിന്റെ ഭാഗമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് ഒരറുതി എന്നോണം, അവയെ പരസ്പര ചർച്ച ചെയ്യാനുള്ള, അനുഭവങ്ങൾ പങ്കിടാനുള്ള ഒരു വേദി ഉണ്ടാകണം. അതിനായാണ് 'പ്രവാസി കോൺക്ലേവ് ട്രസ്റ്റ്' രൂപം കൊണ്ടത്.

പ്രവാസി സംഗമം 2025 – ഒരു നവയുഗ സാധ്യത

2025-ൽ പ്രവാസികൾക്കായി 'പ്രവാസി കോൺക്ലേവ് ട്രസ്റ്റ്' സംഘടിപ്പിച്ച ഏറ്റവും വലിയ പരിപാടിയാണ് **'പ്രവാസി സംഗമം 2025'**. ഇത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളികളെ ഒരുമിച്ചു കൊണ്ടുവരാനുള്ള ഒരു വേദിയായി. പ്രവാസികളുടെ അവകാശങ്ങൾ, അവരുടെ നിയമപരമായ അവസ്ഥകൾ, സംരംഭകത്വ സാധ്യതകൾ, നൈപുണ്യ വികസനം, നിക്ഷേപ സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ ഈ സംഗമത്തിൽ പ്രധാന ചർച്ചാവിഷയങ്ങളായിരുന്നു.

പ്രവാസികൾക്കെതിരെ കടുപ്പമുള്ള നയപരമായ നിലപാടുകൾ സ്വീകരിക്കുന്ന രാജ്യങ്ങളിൽ നിന്ന് സംരക്ഷണത്തിനായി സർക്കാർ തലത്തിൽ ഇടപെടലുകൾ ആവശ്യമുണ്ടോ? പ്രവാസികൾക്ക് കേരളത്തിൽ മികച്ച നിക്ഷേപ സാധ്യതകൾ ഏത്? വിദേശത്ത് തൊഴിൽസ്ഥിരത നിലനിർത്താൻ എന്ത് ചെയ്യണം? ഇത്തരം എല്ലാ ചർച്ചകൾക്കും ഉത്തരവാദിത്വത്തോടെ സമീപനം ഉറപ്പാക്കുന്ന വേദിയായിരുന്നു 'പ്രവാസി സംഗമം 2025'.

നമ്മുടെ പ്രവാസി സമൂഹം വെറും പണം അയയ്ക്കുന്ന ഒരു കൂട്ടായ്മയല്ല, മറിച്ച് ഒരു സാംസ്കാരിക-സാമ്പത്തിക ശക്തിയാണ്. അതിനാൽ തന്നെ അവർക്കായി കൂടുതൽ ഗുണപരമായ ഇടപെടലുകൾ അനിവാര്യമാണ്. 'കേരള ടൈംസ്' ഈ പ്രശ്നങ്ങൾ പ്രതിപാദിക്കാനുള്ള ഒരു ബഹുമാന്യമായ വേദിയാകാൻ തുനിഞ്ഞിരിക്കുന്നതിലും 'പ്രവാസി കോൺക്ലേവ് ട്രസ്റ്റ്' അതിന്റെ സാംസ്കാരിക-സാമൂഹ്യ ദൗത്യങ്ങൾ നിർവഹിക്കുന്നതിലും നമ്മുടെ പ്രതിബദ്ധത തെളിയിച്ചുതന്നെ തീർക്കും.

'പ്രവാസി സംഗമം' ഒരു ഉത്സവം മാത്രമല്ല, നമ്മുടെ കുടുംബബന്ധങ്ങൾ പുതുക്കുന്ന, പ്രവാസി മലയാളികളുടെ ഭാവി സുരക്ഷിതമാക്കുന്ന ഒരു ചുവടുമാറ്റമാകട്ടെ. അതിലേക്കുള്ള ഓരോ മലയാളിയുടെയും പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

പോൾ കറുകപ്പിള്ളിൽ
മാനേജിംഗ് ഡയറക്ടർ, കേരള ടൈംസ്
പ്രസിഡന്റ്, പ്രവാസി കോൺക്ലേവ് ട്രസ്റ്റ്





AWARDING **MALAYALEE LEGENDS 2025**









പ്രവാസി എന്ന വാക്കിന്റെ അർത്ഥം തന്നെ ശരീരം കൊണ്ട് വിദേശത്തും മനസ്സുകൊണ്ട് നാട്ടിലും എന്നാണ്. ഓരോ പ്രവാസിയുടെയും ചങ്ക് ഇവിടെയാണ്, അതുകൊണ്ടു തന്നെയാണ് ഈ വരികൾ ഓർമ്മ വരുന്നത് 'നാളികേരത്തിന്റെ നാട്ടിൽ എനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്' ഇതിലെ നാഴിയിടങ്ങഴി സൂചിപ്പിക്കുന്നത് അതിന്റെ സ്ഥലമോ വിസ്തൃതിയോ അല്ല, മറിച്ച് നാട്ടിൽ നിന്നും ചങ്ക് പറിക്കുവാൻ വേദന ഉള്ളവരും എന്നാൽ ശരീരം കൊണ്ട് ഇവിടെ നിൽക്കുവാൻ സാധിക്കാത്തതും ആയ അവസ്ഥ ആണ് സൂചിപ്പിക്കുന്നത്. എന്തെങ്കിലും ഒരു നിർവാഹം ഉണ്ടെങ്കിൽ ഇവിടെ തിരിച്ചെത്തി ഒരു ജീവിതം നയിക്കുക എന്നുള്ളതാണ് എല്ലാവരുടെയും സ്വപ്നം. അടുത്ത വാക്കാണ് കോൺക്ലേവ്, കോൺക്ലേവ് എന്ന പദത്തിന്റെ അർത്ഥം എന്തെന്നാൽ ഒരു പ്രൈവറ്റ് മീറ്റിംഗ് എന്നാണ്, കോൺക്ലേവ് ആദ്യമായി ഇത്രയും പ്രശസ്തമാവാൻ കാരണം മാർപാപ്പയെ തിരഞ്ഞെടുക്കുന്ന ആ ഒരു മീറ്റിങ്ങിനാണ് ഈ കോൺക്ലെവ് എന്ന വാക്ക് ഉപയോഗിച്ചിരുന്നത്. കോൺക്ലെവ് വളരെ പ്രധാനപ്പെട്ട ഒരു അർത്ഥം ഉൾക്കൊള്ളുന്ന ഒരു പദമാണ്. ഈ വാക്ക് തിരഞ്ഞെടുത്തു ഉപയോഗിച്ച അലക്സ് വിളനിലത്തെയും, പോൾ കറുകപ്പിള്ളിയെയും, അതോടൊപ്പം ഇതിന്റെ ഭാരവാഹികളെയും, സംഘാടകരെയും എല്ലാം ഞാൻ അഭിനന്ദിക്കുന്നു

സമൂഹത്തിൽ പ്രവാസികൾക്കുള്ള നിലയും വിലയും വളരെ പ്രധാനപ്പെട്ട ഒന്ന് തന്നെയാണ്. ഈ കോൺക്ലേവ് എന്ന ഒന്ന് ഉണ്ടായത് പ്രവാസികളെ ഒരു കുടയുടെ കീഴിൽ കൊണ്ടു വരുവാൻ വേണ്ടിയിട്ടാണ് എന്നുള്ള ഒരു കൺസെപ്റ്റ് വളരെ വളരെ പ്രധാനപ്പെട്ട ഒന്നാണ്. അത്ര മേൽ പ്രധാനപ്പെട്ട ഒരു അംശം നമ്മുടെ ഈ കൂടി വരവിനു ഉണ്ട്. അതുതന്നെ യാണ് കോൺക്ലേവ് എന്ന വാക്കിന്റെ ലക്ഷ്യവും. കോൺക്ലേവിനു കൂട്ടായ്മ എന്ന അർത്ഥവും ഉണ്ട്. നമ്മുടെ ട്രസ്റ്റ് എന്നും ഒരുമിച്ചു കൊണ്ടുപോകുവാൻ ആയിട്ട് നിങ്ങൾ ഏവർക്കും സാധിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ഇന്ന് നമ്മുടെ സമൂഹത്തിൽ കറതീർന്ന രാഷ്ട്രീയം എന്നൊന്ന് ഇല്ലാതെയായിരിക്കുന്നു. നമുക്ക് നിയമമുണ്ടാക്കുന്ന ലെജിസ്ലേചർ, നിയമം നടപ്പാക്കുന്ന എക്സിക്യൂട്ടീവ്, നിയമം വ്യാഖ്യാനിക്കുന്ന ജുഡീഷ്യറി, അതോടൊപ്പം മീഡിയ എന്നിവയാണ് ജനാധിപത്യത്തിന്റെ നാല് നെടുംതൂണുകൾ, ഇന്നത്തെ കാലത്ത് ഈ നാല് നെടുംതൂണുകൾക്കും വളരെയധികം കുലുക്കം സംഭവിച്ചിരിക്കുന്നു, ഒരർത്ഥത്തിൽ പറഞ്ഞാൽ വിശ്വാസ്യത ചോർന്നു പോയിരിക്കുന്നു, ഈ നാല് തൂണുകളിലും സത്യം നീതി സത്യസന്ധത വിശ്വാസികത എന്നിവ ചോർന്നു പോയിരിക്കുന്നു.

> **"ഓരോ പ്രവാസിയും എന്നെ ഞാനാക്കിയ എന്റെ നാടിന് തന്റെ പരമാവധി തിരിച്ചു കൊടുക്കണം എന്നുള്ള ആഗ്രഹവും താല്പര്യവും അതിനുള്ള ആവേശവും ഉള്ളവരാണ്.**
>
> **ജസ്റ്റിസ് കുര്യൻ ജോസഫ്**



പിന്നെയുള്ള എന്തെങ്കിലും വിശ്വാസികത നമുക്ക് പുലർത്തുവാൻ സാധിക്കുന്ന അഞ്ചാമത്തെ ഒരു തൂണാണ് സിവിൽ സൊസൈറ്റി മൂവ്മെന്റ്സ് അഥവാ എൻ.ജി.ഒ., എന്നത്. ജാതി മതം വർണ്ണം ഭാഷ ദേശം ലിംഗം ഈ ആറ് കാര്യങ്ങൾക്ക് അതീതമായിട്ട് മനുഷ്യൻ മനുഷ്യനെ മനുഷ്യനായിട്ട് കണ്ട് കൂടെ നടക്കുകയും കൂടെ നിർത്തുകയും ചെയ്യുവാൻ കഴിയുന്ന ഒരു നല്ല പ്രസ്ഥാനം എന്നു പറയുന്നത് സിവിൽ സൊസൈറ്റി മൂവ്മെന്റ്സ് ആണ്. അത്തരമൊരു സിവിൽ സൊസൈറ്റി മൂവ്മെന്റ്സുകളിൽ മാത്രമേ എന്തെങ്കിലും ഒരു പ്രതീക്ഷ അർപ്പിക്കുവാനായി സാധിക്കുകയുള്ളൂ ഇതു പോലും വളരെ സങ്കടത്തിലാണ് ഇപ്പോഴത്തെ അവസ്ഥ.



എന്ത് ചെയ്യുന്നു എന്നതിനേക്കാൾ ആര് ചെയ്യുന്നു എന്നതിനെ അഞ്ചാറ് കണ്ണാടികൾ കൊണ്ട് നോക്കിക്കാണുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. അത്തരം ഒരു കാഴ്ചപ്പാടിനെ പൂർണമായും മാറ്റിയിട്ട് നന്മയെ പരിപൂർണ്ണമായി എവിടെ നിന്നു വന്നാലും സ്വാഗതം ചെയ്യുവാനുള്ള ഒരു മനസ്സ് ഉണ്ടാകണം ഏവർക്കും. ഓരോ പ്രവാസിയും എന്നെ ഞാനാക്കിയ എന്റെ നാടിന് തന്റെ പരമാവധി തിരിച്ചു കൊടുക്കണം എന്നുള്ള ആഗ്രഹവും താല്പര്യവും അതിനുള്ള ആവേശവും ഉള്ളവരാണ്. ജാതി ഭാഷാ വർഗം വർണ്ണം ലിംഗം, എന്നിവയ്ക്ക് അതീതമായിട്ട് നന്മയെ പരിപോഷിപ്പിക്കുവാനായി ഒരു കൂട്ടായ്മ വളർന്നുവരണം എന്നുള്ളത് എന്റെ വലിയൊരു ആഗ്രഹമാണ് അത്തരമൊരു കൂട്ടായ്മ ഈ പ്രവാസി കോൺക്ലെവിലൂടെ സംഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രവാസി കോൺകേവ് എല്ലാത്തിനും അതീതമായി നന്മയെ കാണുവാനും നന്മയെ ആദരിക്കുവാനും കഴിവുള്ള ഒരു കൂട്ടായ്മയാണ്. സമൂഹത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരുവാനായി പ്രവാസി കോൺക്ലേവിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



പ്രിയപ്പെട്ട ശ്രീ കുര്യൻ ജോസഫ് സാർ പറഞ്ഞ ഒരു കാര്യം ഹൃദയത്തിൽ കൊണ്ടു എന്നതാണ് സത്യം. നമ്മുടെ പൊതുജീവിതത്തെ താങ്ങി നിർത്തുന്ന നാല് സ്ട്രെച്ചറുകൾക്കും ഒരു ഇന്റ ഗ്രേറ്റി കുറയുന്നു, മൂല്യങ്ങൾ കുറയുന്നു. കുര്യൻ ജോസഫ് സാറിനോട് ആയിട്ട് ഞാൻ പറയു കയാണ് മീഡിയയിൽ ഒക്കെ നിൽക്കു മ്പോൾ അമർഷവും അസ്വസ്ഥതകളും നമ്മുടെ ഉള്ളിൽ ഉണ്ടാകുമ്പോഴും ഇതൊന്നും പുറത്തു പറയാൻ പറ്റാത്ത സാഹചര്യങ്ങൾ ഉണ്ടാകും. ഞാനൊരി ക്കൽ ഡൽഹിയിൽ ഒരു ഓഫീസിലെ വരാന്ത യിൽ ഒരു അപേക്ഷ കൊടുത്തിട്ട് നിൽക്കുകയാ യിരുന്നു. ഒരു മലയാളി എന്നെ അടുത്ത് കണ്ടിട്ട് എന്നോട് പറഞ്ഞു അപേക്ഷ കൊടുത്തു അല്ലേ, ഞാൻ അതെന്ന് പറഞ്ഞപ്പോൾ അയാൾ ചോദിച്ചു ഒരു എട്ടു രൂപ എടുക്കാനു ണ്ടോന്ന്. ഞാൻ ചോദിച്ചു എട്ടുരൂപ എന്നാൽ എന്താണ് ഉദ്ദേശിക്കുന്നത്? അയാൾ പറഞ്ഞു ഒരു 8 ലക്ഷം രൂപ കൈക്കൂലിയായി കൊടുത്താ ൽ മാത്രമേ ഈ കാര്യം നടക്കാൻ പോകുന്നു ള്ളൂ. ഞാൻ അയാളെ കളിയാക്കാൻ ശ്രമിച്ചു: എന്റെ മുഖം പരിചയമുള്ള ഒരു മലയാളിയും എന്നോട് കേറി കൈക്കൂലി ചോദിക്കാൻ ധൈര്യപ്പെടില്ല എന്നൊരു മണ്ടൻ ചിന്ത എനി ക്കുണ്ടായിരുന്നു, അത് മാറികിട്ടി, താങ്കൾ എന്റെ ഗുരുവാണെന്ന്.



ആർ. ശ്രീകണ്ഠൻ നായർ
മാധ്യമ ഇതിഹാസം

അപ്പോൾ അയാൾ പറഞ്ഞു കളിയാക്കണ്ട പൈസ കൊടുത്തില്ലെങ്കിൽ എട്ടുമാസം നടക്കും എന്നു. ഞാൻ അയാളുടെ തോളത്ത് തട്ടി നീണാൽ വാഴട്ടെ എന്നൊക്കെ പറഞ്ഞു കേരള ഹൗസിലേക്ക് മടങ്ങി അവിടുത്തെ കഞ്ഞിയൊക്കെ കുടിച്ചു കിടന്നു. അങ്ങനെ ഞാൻ ഒമ്പതാം മാസം ഡൽഹിയിലെ ഒരു റോഡിൽ ഇങ്ങനെ എന്തോ കളഞ്ഞ എന്തോ പോല് നിൽക്കുന്ന സമയത്ത് ഇയാൾ എന്റെ അടുത്ത് വന്നു ഇതിപ്പോ എത്ര മാസം ആയിന്ന് അറിയാമോ? ഒമ്പതുമാസമായി, പിന്നെയും മൂന്നുമാസം കഴിഞ്ഞു.

എനിക്ക് മനസ്സിലായ ഒരു കാര്യം ചില മാമൂലുകൾ തകർത്തെറിയാൻ വലിയ പാടാണ്. പിന്നീട് ഞാൻ ചെയ്ത ഒരു സൂത്രപ്പണിയിലൂടെ ആണ് ഞാൻ അതിൽ വിജയിച്ചത്. ഞാൻ പോകുന്ന വകുപ്പിന്റെ ഐ.എ.എസ്. കാരനായ സെക്രട്ടറിയെ കണ്ട് ഞാൻ ഒരു മെമ്മോറെണ്ടം കൊടുത്തു. അതിന്റെ ആദ്യത്തെ വരി എന്നു പറയുന്നത് ഇന്ത്യൻ പ്രധാനമന്ത്രി യോടുള്ള ചോദ്യമാണ്. അതായത് വിദേശ നാടുകളിൽ നിന്ന് വന്ന സായിപ്പന്മാർ ഇവിടെ ടെലിവിഷൻ ചാനലുകൾ നടത്തുന്നുണ്ട് സ്റ്റാറിന്റെ ഒക്കെ ആൾക്കാരെ നിങ്ങൾക്കറിയാം ഈ ടെലിവിഷൻ ചാനൽ നടത്തുന്ന ആളുകൾക്ക് അനുവദിച്ചു കിട്ടുന്ന അവകാശം ഇന്ത്യൻ പാർലമെന്റിലേക്ക് വോട്ട് ചെയ്യുന്ന രാമൻ പിള്ളയുടെ മകൻ ശ്രീകണ്ഠൻ നായർക്ക് എന്തുകൊണ്ട് കിട്ടുന്നില്ല എന്ന് അങ്ങ് ആലോചിച്ചിട്ടുണ്ടോ എന്നാണ് എന്റെ ചോദ്യം. ഈ വരി വായിച്ചതിന് ശേഷം സെക്രട്ടറി അങ്ങ് പൊട്ടിത്തെറിച്ചു; ഭീഷണിപ്പെടുത്താൻ വന്നതാണോ എന്നൊക്കെ ചോദിച്ചു. പക്ഷേ ഇന്ത്യൻ പ്രൈം മിനിസ്റ്റർക്ക് എഴുതാനുള്ള കത്താണ് അത് എന്ന് വന്നപ്പോൾ അദ്ദേഹം അന്ന് തന്നെ ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് ഈ സർട്ടിഫിക്കറ്റ് അടിച്ചന്റെ കയ്യിൽ തന്നു.

നമുക്ക് ഇതൊരു സൂത്രപ്പണിയാണ് നമ്മൾ ഇത് പ്രധാനമന്ത്രിക്കൊന്നും അയക്കാൻ ആലോചിച്ചിട്ട് ഒന്നുമില്ല. പക്ഷേ നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന ചില സിസ്റ്റം അങ്ങനെയാണ് എന്ന് ഞാൻ പറയുകയാണ്.

എനിക്ക് അമേരിക്കൻ മലയാളികളോട് പറയാനുള്ളത് ഇവിടെ ചിലപ്പോൾ ചില ഒറ്റതിരിഞ്ഞ ആളുകളൊക്കെ നിങ്ങൾ പ്രാഞ്ചിയേട്ടൻ മാരാണ് എന്നൊക്കെ പറഞ്ഞു ആക്രമിക്കുന്നുണ്ട്. നിങ്ങൾ പ്രവാസികളാണ്ന്ന് ഇൻവെർട്ടഡ് കോമയിൽ ഇട്ട് വിളിക്കുന്നെങ്കിലും നിങ്ങൾ പിറന്ന മണ്ണ് ആണിത് ഈ മണ്ണിൽ ചവിട്ടി നിൽക്കാനുള്ള എല്ലാ അവകാശവും നിങ്ങൾക്കുണ്ട്. കുര്യൻ ജോസഫ് സാർ പറഞ്ഞതുപോലെ ഈ നാടിനെ മാറ്റിമറിക്കാൻ കഴിവുള്ള ഒരു ചാലകശക്തിയായി പ്രവർത്തിക്കാനുള്ള കരുത്തും വെടിമരുന്നും നിങ്ങളുടെ കയ്യിലുണ്ട്. പ്രവാസികളായുള്ള ചില ആളുകൾ ബിസിനസ് നടത്താൻ ഒക്കെ ഇവിടെ വരുമ്പോൾ ചില ഒറ്റപ്പെട്ട ഓഫീസ് പ്രശ്നങ്ങളൊക്കെ ഉണ്ടാകും, ഉദ്യോഗ സ്ഥന്മാർ നിങ്ങളെ നടത്തിയെന്നു വരും. അപ്പോൾ നമ്മൾ വിചാരിക്കും ഇതൊന്നും ഈ നാട്ടിൽ ശരിയാവാൻ പോകുന്നില്ലെന്ന്. പക്ഷേ ഈ നാട്ടിൽ ശരിയാകും, ശരിയായി വരുന്നുണ്ട്, അതുകൊണ്ട് നിങ്ങൾ ഒരിക്കലും അധൈര്യപ്പെടരുത് ഈ നാട്ടിൽ 10 പൈസയുടെ ഗുണം ചെയ്യാത്ത ആളുകളാണ് നിങ്ങളെക്കുറിച്ച് ഇതെല്ലാം എഴുതുന്നത്.

മലയാളികൾ 50 ഡിഗ്രി ചൂടിൽ ഗൾഫ് നാടുകളിൽ ജോലി ചെയ്ത അവിടെയൊക്കെ സമ്പാദിച്ചു കൂട്ടുന്ന പണം നമുക്ക് തരാൻ ആണെന്ന് വിശ്വസിക്കുന്ന കുറേ ആളുകളുണ്ട് ആ തെറ്റിദ്ധാരണ കുറിച്ചൊന്നുമല്ല. ഞാൻ പറയുന്നത് നിങ്ങൾ ഈ അവസാന കാലത്ത് ഈ സുരക്ഷാ പെൻഷനൊക്കെ അമേരിക്കയിൽ നിന്ന് ഡോളർ ആയിട്ട് ഇന്ത്യയിലേക്ക് വരുന്ന ആ ഫോറിൻ എക്സ്ചേഞ്ച് ഒക്കെ ഞാൻ സ്വപ്നം കാണുകയാണ് ഒരുപാട് ആളുകൾ ഇവിടെ തിരിച്ചു വരണം പുതിയ തലമുറയിലെ കുട്ടികൾ അവിടെ ജോലി കാണുമ്പോൾ നിങ്ങൾ തിരിച്ചു വരണം. കുര്യൻ ജോസഫ് സാർ പറഞ്ഞതുപോലെ വയസ്സു കാലത്തല്ല അതിനുമുമ്പ് നമ്മുടെ ഇവിടുത്തെ സാമൂഹിക പ്രവർത്തനങ്ങളിൽ നിങ്ങൾ സജീവമാകണം. പ്രവാസികളോടുള്ള എല്ലാ ആദരവും നിലനിർത്തിക്കൊണ്ട് ഞാൻ പറയുകയാണ് നിങ്ങൾ ഇവിടത്തെ സാമൂഹിക ജീവിതത്തിൽ ഇടപഴകണം നിങ്ങൾ ഇവിടുത്തെ സർക്കാരിന് വിമർശിക്കണം നിങ്ങൾ സർക്കാരിൽ കാര്യങ്ങൾ അറിയിക്കണം.



ഇവിടെ വളരെ വേഗത്തിൽ ക്യാൻസർ പടരുകയാണ് ഈ ആയുർവേദത്തെ പറ്റി വേണു രാജാമണി പറഞ്ഞപ്പോൾ എനിക്ക് ഏറ്റവും അപകടകരമായി തോന്നുന്നത് കേരളത്തിലെ ആളുകളെ മരുന്ന് തീറ്റിക്കാൻ വേണ്ടി കുറേ മരുന്ന് കമ്പനികൾ നടക്കുന്നുണ്ട് ഡോക്ടർമാർ പലരും അന്തമില്ലാതെ എഴുതുകയാണ് ഇവരോട് കിട്ടുന്ന നക്കാപ്പിച്ച ലഭിക്കാൻ വേണ്ടി ഹൃദയത്തിന് അസുഖമുള്ളവർക്ക് ചില മരുന്ന് എഴുതി കൊടുക്കും അവരുടെ തലച്ചോറിനും കേട് ഉണ്ടാക്കും ഉടനെ തലച്ചോറിനും മരുന്ന് എഴുതും ഉടനെ അവരുടെ കരളിനാകും പ്രശ്നം ഇങ്ങനെ മരുന്ന് തിന്ന് നാശോൻമുഖം ആകും വയസ്സാൻ കാലത്ത് കഴിഞ്ഞു കൂടാൻ വിധിക്കപ്പെട്ട മലയാളികളാണ് ഇന്ന് സമൂഹത്തിൽ ഉള്ളത്.



എത്ര വലിയ കമ്പനികൾ സംഘടിപ്പിച്ചാലും കൈക്കൂലിയുടെ വഴിയെ സഞ്ചരിക്കരുത് എന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരാള് ആളാണു ഞാൻ. എന്തെങ്കിലും കിട്ടുമോ അല്ലെങ്കിൽ എന്തെങ്കിലും തടയുമോ എന്നുള്ള പുതിയ പുതിയ വാക്കുകളാണ് വന്നുകൊണ്ടിരിക്കുന്നത്. അപ്പോൾ ആ കാലത്ത് കൈക്കൂലി ഞാൻ കൊടുക്കാതെ കാര്യം നടത്താൻ തീരുമാനിച്ചാൽ ചിലപ്പോൾ വൈകും . നിയമം നിങ്ങൾക്ക് അനുകൂലമാണെങ്കിൽ നിങ്ങൾ പറയുന്ന കാര്യത്തിൽ മെറിറ്റ് ഉണ്ടെങ്കിൽ നിങ്ങൾക്ക് അനുകൂലമായി ഒരു സ്ഥിതി ഉണ്ടാകും. പക്ഷേ അതൊന്നുമല്ല കാര്യം ഈ കേരളം ഭയങ്കര പൊട്ടൻഷ്യൽ ഉള്ള ഒരു സ്ഥലമാണ് ടൂറിസം നമുക്ക് നിലനിർത്താൻ കഴിഞ്ഞാൽ ഒരുപാട് സാധ്യതയുണ്ട്. ഐടി മേഖലയിൽ നിർമ്മിത ബുദ്ധി എന്ന് പറയുമ്പോൾ ഭയങ്കര സാധ്യതയാണ് ആവശ്യത്തിന് എക്സ്പോർട്ടുകൾ ഇല്ല എന്ന് പറയും ഞാൻ പറയുകയായിരുന്നു വിദേശ നാടുകളിൽ ഉള്ളതുപോലെ നമ്മുടെ വിദ്യാർത്ഥികൾക്ക് ട്രെയിനിങ് കൊടുത്തു കഴിഞ്ഞാൽ പഠനം കഴിഞ്ഞ് ഉച്ചതിരിഞ്ഞ് അവർ എ ഐ സ്പെഷ്യലിസ്റ്റുകൾ ആയി മാറിയാൽ അവർക്ക് പഠിക്കാനുള്ള പൈസ ആകും, ഈ നാടിന്റെ മുഖച്ഛായ തന്നെ മാറുകയും ചെയ്യും. അങ്ങനെ എന്തെല്ലാം പരീക്ഷണങ്ങൾ നടത്താൻ കഴിവുള്ള 44 നദികൾ ഒഴുകുന്ന പച്ചപ്പുള്ള ഒരു മണ്ണാണ് ഇത്. ഈ മണ്ണിനെ നിങ്ങൾ സ്നേഹിക്കുന്നു എന്ന് എനിക്കറിയാം കേരളത്തിലെ ആളുകൾക്ക് തിരുവോണം എന്ന് പറയുന്നതിനേക്കാൾ ആവേശമാണ് വിദേശത്ത് താമസിക്കുന്ന ആളുകൾക്ക്.

നമ്മുടെ നാട്ടിൽ എന്തെങ്കിലും ഗുണം ചെയ്യാൻ മാധ്യമങ്ങളെ വ്യവസ്ഥാപിതമായി ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കുക എന്നതാണ് അടിസ്ഥാനപരമായ ലക്ഷ്യം ആ ലക്ഷ്യത്തിലേക്ക് നിങ്ങൾ എന്നോടൊപ്പം ഉണ്ടെന്ന് അറിയാം ആ സ്നേഹത്തിനും സഹായത്തിനും നന്ദി നമുക്ക് ഇനിയും കാണാം അമേരിക്കയിലോ അല്ലെങ്കിൽ ഇന്ത്യയിൽ വച്ചോ.
ഗുഡ് ബൈ

ആർ. ശ്രീകണ്ഠൻ നായർ

PARK FUNERAL CHAPELS

Generations of Dignified Personal Service



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES, AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM

GARDEN CITY PARK, NY 11040

T: (516) 747-4300

ഇത്തരമൊരു ഉദ്യമം മുന്നോട്ടു കൊണ്ടു വന്ന പ്രവാസി കോൺക്ലെവ് ട്രസ്റ്റിനെയും, ഒപ്പം അതിന്റെ ഭാരവാഹികളെയും അഭിനന്ദിക്കുന്നു. രണ്ടു മലയാളികൾ ചേർന്നാൽ 3 അസോസിയേഷൻ ഉണ്ടാക്കുന്ന ഒരു സമൂഹത്തിൽ തികച്ചും വ്യത്യസ്തമായി എല്ലാ അസോസിയേഷനുകളെയും ഒരു കുടക്കീഴിൽ സംഗ്രഹിച്ച് ഇത്തരമൊരു ഉദ്യമം മുന്നോട്ടു കൊണ്ടു വരിക എന്നുള്ളത് തികച്ചും മഹത്തായ ഒന്നുതന്നെയാണ്.

അമേരിക്കക്കാരായ മലയാളികൾക്ക് ഇന്ത്യക്കുവേണ്ടി ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുക എന്നത് ഗവൺമെന്റുകൾ തമ്മിൽ ചെയ്യേണ്ട കാര്യങ്ങൾ അല്ല മറിച്ച് അതിനുമേൽ ഓരോ പ്രവാസികൾക്കും സന്നദ്ധതയോടെ ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ഏറ്റവും വലിയ മാറ്റം സൃഷ്ടിക്കാൻ ആവുക പ്രവാസി വോളണ്ടിയർമാർക്കാണ്.

ഇന്ന് അമേരിക്ക പുതിയൊരു വഴിത്തിരിവിൽ നിൽക്കുന്ന സമയമാണ്, പുതിയ പ്രസിഡന്റ് തന്റെ സ്ഥാനം ഏറ്റെടുക്കുവാൻ ഏതാനും ദിവസങ്ങളെ ബാക്കിയുള്ളൂ. ഇന്ത്യ അമേരിക്ക ബന്ധം ചരിത്രത്തിൽ തന്നെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന അവസ്ഥയാണ് ഇപ്പോൾ.



ശ്രീ വേണു രാജാമണി

വിദേശകാര്യ നയതന്ത്രവിദഗ്ദ്ധൻ

എന്നിരുന്നാലും പുതിയ പ്രസിഡന്റിന്റെ കീഴിൽ ഇന്ത്യ അമേരിക്ക ബന്ധം കൂടുതൽ ശക്തിപ്പെടുകയും ദൃഢമാവുകയും ചെയ്യുമെന്നാണ് നാം ഓരോരുത്തരും വിശ്വസിക്കുന്നത്. ഇന്ത്യ അമേരിക്ക ബന്ധം ശക്തിപ്പെടുത്തുന്നതിനോടൊപ്പം തന്നെ കേരളവുമായുള്ള ബന്ധം ഓരോ അമേരിക്കൻ മലയാളികൾക്കും സാധിക്കും. കേരള ഗവൺമെന്റിന് വേണ്ടി എക്സ്റ്റേണൽ അഫയേഴ്സിൽ ജോലി നോക്കിയ വ്യക്തി എന്ന നിലയിൽ ഞാൻ മനസ്സിലാക്കിയത് അനുസരിച്ച് പുറം രാജ്യത്തുള്ള വ്യക്തികൾക്കും കമ്പനികൾ സ്ഥാപനങ്ങൾക്കും, അസോസിയേഷനുകൾക്കും കേരളവുമായും ഇന്ത്യയുമായും ബന്ധങ്ങൾ സ്ഥാപിക്കുവാൻ അതിയായ സന്തോഷം ഉണ്ട്. അവർക്കുള്ള താൽപര്യങ്ങൾക്കനുസരിച്ച് കപ്പാസിറ്റി ഇല്ല എന്നത് തന്നെയാണ് സത്യം.

പ്രവാസികളായ ഓരോ വ്യക്തിയും അമേരിക്കയിലും മറ്റൊരു രാജ്യങ്ങളിലും ഉള്ള കമ്പനികളുമായി കേരളത്തിലെ കമ്പനികളെയും വ്യക്തിത്വങ്ങളെയും ബന്ധിപ്പിക്കുവാൻ മുൻകൈയെടുക്കുകയും അത്തരം കമ്പനികൾക്ക് കേരളത്തെ ഇതോടൊപ്പം തന്നെ ഇന്ത്യയെ പരിചയപ്പെടുത്തുകയും ചെയ്താൽ അത് തികച്ചും നമ്മുടെ സമൂഹത്തിന് മുതൽക്കൂട്ടായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം തന്നെ നമ്മുടെ കേരളത്തിന്റെ തനത് ചികിത്സാരീതിയായ ആയുർവേദത്തെ അമേരിക്കയിൽ ഇരുകൈയും നീട്ടി സ്വീകരിക്കുവാൻ തയ്യാറായിരിക്കുകയാണ് അമേരിക്കക്കാരായ ഓരോ മലയാളികളും ചികിത്സാരീതികളെയും ആയുർവേദത്തെയും അമേരിക്കയിൽ വേണ്ടവിധം പ്രമോട്ട് ചെയ്തുകൊണ്ട് അമേരിക്കൻ ചികിത്സാരീതിയെയും അതോടൊപ്പം തന്നെ നമ്മുടെ ആയുർവേദത്തെയും കേരളത്തിൽ പരിപോഷിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

അതോടൊപ്പം തന്നെ ഈ ഉദ്യമത്തോടൊപ്പം നിങ്ങൾ ഓരോരുത്തരോടൊപ്പം എന്നും ഞാൻ കൂടെ ഉണ്ടാകും എന്ന് ഉറപ്പും നൽകുന്നു.



Dr nechupadam DENTAL CLINIC



വെളിച്ചത്തിലൂടെയുള്ള യാത്ര

പ്രവാസിബന്ധു ഡോ.എസ്. അഹമ്മദ്
എൻ.ആർ.ഐ കൗൺസിൽ ഓഫ് ഇന്ത്യ

ചരിത്രനിബിന്ധമായ മുഹൂർത്തങ്ങൾ പ്രവാസി സമൂഹത്തെ തഴുകി കടന്നുപോകുന്നു. കാലത്തിന് അനുസൃതമായി രാജ്യം നേടിയ സർവ്വവിധ പുരോഗമന ങ്ങൾക്കും, വികാസം നിറഞ്ഞ ഘടനകളിലേക്കുമുള്ള മുന്നേറ്റത്തിന് ഭാരത പ്രവാസിക ളുടെ കലവറയില്ലാത്ത സഹായങ്ങളും സഹകരണങ്ങളും നേടാൻ കഴിഞ്ഞടി രാജ്യ സ്നേഹം ഒന്ന് കൊണ്ട് മാത്രമാണ്.



രാജ്യം 23-മത് പ്രവാസി ഭാരതീയ ദിനാഘോഷം ആഘോഷിക്കുകയാണ്. "ആമോദത്തോടെ വസിക്കും കാലം നാമെല്ലാം ഒന്നുപോലെ' എന്ന കവിവാക്യം ഉണർത്തുന്ന സന്ദേശമാണ് പ്രവാസി ഭാരതീയ ദിനാഘോഷത്തിനു ആധാരം, 2002 നവം ബർ 15-ാം തീയതി ഓരത്തിന്റെ പരമശ്രേഷ്ം പ്രധാനമന്ത്രി എ.ബി. വാജ്പേയി പ്രഖ്യാ പിച്ച പ്രവാസി ഭാരതീയ ദിവസ് ആഘോഷമാക്കി മാറ്റാൻ ജനുവരി 9 പ്രധാനമന്ത്രി തിര ഞ്ഞെടുത്തത് ഐതിഹാസികമായ ചരിത്ര മുഹൂർത്തത്തെ സ്മരിപ്പിക്കുന്നു. പ്രവാസി സമൂഹം ഭാരതത്തിന്റെ ആദ്യ പ്രവാസി എന്ന് ആദരവോടെ വിളിക്കുന്നത് ദക്ഷിണാഫ്രി ക്കയിൽ 12 വർഷത്തെ ദീർഘമായ പ്രവാസ ജീവിതം നയിച്ച രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജിയെയാണ്.



ഭാരതത്തിലെ ആദ്യ പ്രവാസി. വിദേശാധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യ ത്തിനായുള്ള ആദ്യ പോരാട്ടത്തിലെ സമര പോരാട്ടങ്ങളിൽ വന്നുചേർന്ന പാളിച്ചകൾ ചൂണ്ടിക്കാട്ടിയപ്പോൾ കലുഷിതം തോന്നിയവർ പുലർത്തിയ അകൽച്ച ഗാന്ധിജിയെ ദക്ഷി ണാഫ്രിക്കയിലെ പ്രവാസ ജീവിതത്തിന് പ്രേരകമായി. വിജയാഹ്ലാദത്തിന്റെയും അഭിzo നത്തിന്റെയും സ്വാതന്ത്ര്യദാഹത്തിന്റെയും ദീപശിഖ ചെരുമ്പറ മുഴങ്ങി. അതാണ് ജനു വരി 9. പ്രവാസി സമൂഹത്തിന് ഈ ദിനം പ്രധാനമന്ത്രി വാജ്പേയ് സമർപ്പിച്ചതിന്റെ ആദ രവി എന്നും സ്മരിക്കപ്പെടുന്നു.

23 വർഷമായി ഭാരത സർക്കാരിനോടൊപ്പം കേരളമണ്ണിൽ പ്രവാസി ഭാര തീയദിനം ആഘോഷിക്കുന്നു. എൻ.ആർ.ഐ കൗൺസിൽ ഓഫ് ഇന്ത്യയും പ്രവാസിക ളുടെ ആദ്യ മുഖപത്രമായ പ്രവാസി ഭാരതി ന്യൂസ് ബുള്ളറ്റിനും സംയുക്തമായി പ്രവാസി ഭാരതീയ ദിനം എല്ലാ വർഷവും ജനുവരി 9 മുതൽ 11 വരെ ആചരിക്കുന്നു. കേന്ദ്ര സർക്കാരും കേരള സർക്കാരും പ്രവാസിക്ഷേമ പദ്ധതികൾക്കായി വകുപ്പുകൾ പ്രാവർത്തി കമാക്കി ജനാധിപത്യ രാഷ്ട്രീയത്തേക്കാൾ ജനങ്ങളുടെ ഐക്യമാണെന്ന കാഹളം പ്രവാ സികൾ മുഴക്കി. രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവും സംരക്ഷണവും പവിത്രമാ ണെന്നും അത് ജനകോടികളുടെ കരങ്ങളിൽ നിക്ഷിപ്തമാണെന്നും പ്രവാസി സമൂഹം തെളിയിച്ചു. ക്ഷേമ പദ്ധതികൾ പ്രാവർത്തികമാക്കാൻ സമരങ്ങളും സമ്മേളനങ്ങളും വേണ്ടി വന്നു.



മടങ്ങിയെത്തിയ പ്രവാസികൾക്ക് ചികിത്സ സഹായം 60 വയസ്സ് കഴിഞ്ഞവർക്കു പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, തൊഴിൽ വായ്പ, മരണാനന്തരസഹായം തുടങ്ങി പല ആശ്വാസപദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞു. പദ്ധതികളുടെ നിർവചന ങ്ങളിൽ നൂലാമലകൾ പലതുമുണ്ട്. അവ ഒന്നൊന്നായി പരിഹരിക്കാൻ കൂട്ടായ്മയിലൂടെ നമുക്ക് യാത്ര ചെയ്യാം. നേടാനുള്ളൽ നന്മകൾ മാത്രം നഷ്ടപ്പെടാൻ ഒന്നുമില്ലെന്ന വിശ്വാസം നമ്മെ ഊർജിതനാക്കുന്നു. അത്മസംതൃപ്തിയുടെ വിശാലവിഹായസിൽ നാം സംതൃപ്തമാണ്.

കാലം എന്നിൽ 30 വർഷങ്ങൾക്ക് മുമ്പ് തെളിയിച്ചു തന്ന യാത്ര. കടലും കടലാടിയും മരുഭൂമികളും മരുപച്ചകളും കടന്നു പോയ ജീവിതാനുഭവം. ആയിരങ്ങളുടെ കലവറയില്ലാത്ത പിന്തുണ. മനസ്സുകളും മെയ്യുകളും ഒന്നായി സമർപ്പിച്ച ഉൾകൃഷ്ടാനു ഭവങ്ങൾ; മാനുഷികവികാരങ്ങളുടെ രൗദ്രഭാവത്തേക്കാൾ ധാർമികതയാണ് ഏറ്റവും വലിയ മൂല്യമെന്ന് അരുൾ ചെയ്ത പ്രവാചകചര്യന്മാരുടെ ദീർഘവീക്ഷണം എന്റെ മനസ്സിനെ പുൽകി. കഷ്ടപ്പെടുന്നവൻറെ രോദനം കേട്ടിരുന്ന കാലഘട്ടം എന്നിൽ ഇന്നും മുഴങ്ങു ന്നു. ദീർഘവീക്ഷണവും പിന്താഗതികളും നമ്മെ കർമോന്മുഖരാക്കാൻ ദൈവം അനുഗ്ര ഹിക്കട്ടെ. ചിന്തോദീപങ്ങൾ ജ്വലിക്കട്ടെ ആത്മവീര്യവും ശേഷിയും നഷ്ടപ്പെടാതിരിക്ക ട്ടെ. പ്രവാസി ഭാരതീയർക്ക് നവവത്സര ആശംസകൾ നേരുന്നു.

നമ്മുടെ മലയാളത്തിന്, നമ്മുടെ ഭാരതത്തിന് നഷ്ടപ്പെട്ട ശ്രീ എം ടി വാസുദേവൻ നായർ എഴുതിയ ഒരു കഥയുണ്ട്. ഈ കഥയിലെ പ്രധാന കഥാപാത്രം എന്ന് പറയുന്ന പാഷ അദ്ദേഹത്തിന്റെ ഒരു സുന്ദരമായ സൃഷ്ടിയാണ്. ഹാരി ഹൗഡിനി എന്ന് പറയുന്ന മാന്ത്രികനായിരുന്നു ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ജാലവിദ്യക്കാരൻ. രക്ഷപ്പെടൽ ജാലവിദ്യയുടെ ഉപജ്ഞാതാവാണ് അദ്ദേഹം . എംടിയുടെ കഥാപാത്രമായ പാഷയും ഈ കൗടലിയും തമ്മിൽ ഒരു മത്സരം വയ്ക്കുന്നുണ്ട് ഈ കഥയിൽ.



ഹൗഡിനി എന്ന മാന്ത്രികന്റെ കഥ

ഹൗഡിനി ഈ വേദിയിൽ പലപല മാജിക്കുകൾ കാണിച്ചു ഒരു കാർ അപ്രത്യക്ഷമാക്കി കാണിച്ചു, എന്നാൽ പാഷ എന്ന് പറയുന്ന എംടിയുടെ കഥാപാത്രം അഞ്ച് ആനകളെ പ്രത്യക്ഷമാക്കി കാണിച്ചു. താങ്കളാണ് ഏറ്റവും വലിയ ജാലവിദ്യക്കാരൻ എന്നു പറഞ്ഞുകൊണ്ട് ഹൗഡിനി തന്റെ കിരീടം എടുത്ത് പാഷയുടെ തലയിൽ വച്ചുകൊടുത്തു. ഹൗഡിനി മാജിക് ഷോ എല്ലാം തന്നെ നിർത്തി, പാഷ എന്ന് പറയുന്ന കഥാപാത്രം ലോകത്തിന്റെ പലയിടങ്ങളിൽ സഞ്ചരിച്ച് മാജിക് ഷോകൾ ഒക്കെ നടത്തിവരുന്നു എല്ലാ രാജ്യങ്ങളിലും ജാലവിദ്യകളും പരിപാടികളും കാണിക്കുന്നു പാരിതോഷികങ്ങൾ കരസ്ഥമാക്കുന്നു, ഒരുപാട് സമ്മാനങ്ങൾ കിട്ടുന്നു വലിയ വലിയ കയ്യടികൾക്ക് അർഹനാകുന്നു.

അവസാനം അദ്ദേഹം ഒരു കടലോര നഗരത്തിൽ കപ്പലിറങ്ങി. ശേഷം അവിടെയും തന്റെ മാജിക്കുകൾ കാണിച്ചു. എന്നാൽ അവിടുത്തെ ആളുകളുടെ മുഖത്ത് തികച്ചും പുച്ഛഭാവം മാത്രമാണ് ഉണ്ടായിരുന്നത് ഇതൊക്കെ തങ്ങൾ എത്ര കണ്ടതാണ് എന്നുള്ള ഒരു ഭാവത്തിൽ ആയിരുന്നു പക്ഷേ എല്ലാവരും നോക്കിയത്. പാഷ വലിയ വലിയ മാജിക്കുകൾ കാണിച്ചു ഒരു കയറിലൂടെ മുകളിലേക്ക് വലിഞ്ഞു കയറി അപ്രത്യക്ഷനായി കാണിച്ചു എന്നാൽ ആളുകൾ വിളിച്ചുപറഞ്ഞു അത് ആടിന്റെ നാവാണ് എന്ന്.

പാഷയ്ക്ക് വലിയ സങ്കടമായി. അദ്ദേഹം ഒരു കത്തിയെടുത്ത് സ്വന്തം മാറ് കുത്തിക്കീറി ഇത് മതിയോ നിങ്ങൾക്ക് എന്ന് ചോദിച്ചു. അപ്പോഴും കാണികൾ വിളിച്ചുപറഞ്ഞു ഇത് പ്ലാസ്റ്റിക്കിന്റെ ചങ്കാണ് എന്ന് വിളിച്ചു പറഞ്ഞു. പാഷ മരിച്ചു വീണു, അവസാനശ്വാസം വലിക്കുന്നതിന് മുമ്പ് പാഷ തന്റെ ശിഷ്യന്മാരോട് ചോദിക്കുന്നു ഇതേതാണ് സ്ഥലം മക്കളെ എന്ന്. അപ്പോൾ കാണികൾ വിളിച്ചുപറഞ്ഞു ഇതാണ് കേരളം, കേരളം എന്നാണ് ഈ സ്ഥലത്തിന്റെ പേര് എന്നു പറഞ്ഞുകൊണ്ടാണ് എം. ടി. വാസുദേവൻ നായർ ഈ കഥ അവസാനിപ്പിക്കുന്നത്.

ഈ സംഭവം നടന്നത് 1954 -ല് ഏകദേശം 70 വർഷങ്ങൾക്കു മുൻപ് അങ്ങനെ കേരളത്തെ കണ്ടിരുന്ന ഒരു അവസ്ഥയിൽ നിന്ന് കേരളത്തെ ഇന്ന് ഇതാണ് കേരളം എന്ന് നെഞ്ചിൽ കൈവെച്ച് ഉറച്ചു പറയുവാൻ ഉള്ള ഒരു ആർജ്ജവം ഉണ്ടാക്കിയതിനകത്ത് പ്രവാസികളുടെ പങ്ക് എന്ന്പറയുന്നത് വളരെ വലുതാണ് എന്നു പറയുവാനാണ് ഞാൻ ഇത്തരം ഒരു കഥ പറഞ്ഞത്.

നിങ്ങള് മറ്റു രാജ്യങ്ങളിൽ നിന്ന് കൊണ്ടുവന്ന സംസ്കാരം വിദ്യാഭ്യാസം രീതികൾ പലകാര്യങ്ങളും തീർച്ചയായിട്ടും ഞാൻ അടക്കമുള്ളവരെ അനുകരിച്ച് ആ രാജ്യങ്ങളുടെ സംസ്കാരം ഒക്കെ ഞങ്ങൾ ചേർത്ത് പിടിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് കേരളം പ്രവാസികളുടെ വലിയൊരു പങ്കോട് കൂടി തന്നെയാണ് കേരളം ഇത്രമാത്രം മഹത്തരമായി മാറിയിരിക്കുന്നത്.

പ്രവാസികളുടെ ഒത്തുചേരലാണ് ഈ പ്രവാസി സംഗമം. ഇങ്ങനെ ഏറ്റവും സൗഹൃദമുള്ള ഏറ്റവും സാഹോദര്യമുള്ള ഏറ്റവും പ്രിയപ്പെട്ട ഒരു വലിയ ഗ്രൂപ്പിന്റെ ഭാഗമാകുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട് പ്രവാസികളുടെ ഈ നന്മ ഇനിയും ഇനിയും ആയിരമായിരം ശക്തിയോടുകൂടി തുടരട്ടെ എന്ന് ആശംസിക്കുന്നു.

വീണ്ടും വലിയ ഉന്നതർ ആയിട്ടുള്ള നടന്ന വഴികളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ഓരോരുത്തരുടെയും നിൽക്കുവാൻ സാധിച്ചതിൽ ഒരുപാട് സന്തോഷം സ്നേഹത്തോടുകൂടി ഒരായിരം സ്നേഹം ചൊരിഞ്ഞുകൊണ്ട് ഏവർക്കും നല്ല ഒരു 2025 നേർന്നുകൊണ്ട് നിർത്തുന്നു സ്നേഹം നമസ്കാരം.

ഗോപിനാഥ് മുതുകാട്





PRAVASI SANGAMAM **GUESTS**











PRAVASI SANGAMAM **GUESTS**












SPECTRUM AUTO
Exceeding Perfection
West Nyack
Montrose
WHY CHOOSING A
TESLA-APPROVED
Collision Center Matters!
Access to Tesla-Trained Technicians
Exclusive Use of Tesla-Approved Parts and Materials
Official Tesla Support and Guidance
Retain Your Vehicle's Value and Warranty Coverage
GET QUOTATION
www.spectrumautoinc.com


NATIONAL BUILDERS
SINCE 1984
K-RERA/PRJ/ERN/143/2023
www.rera.kerala.gov.in
Take Home the
LUXURY OF KOCHI
NATIONAL
Signature
TOWER II

MESSAGE



A series of meetings, both physical and over teleconference, were held during the past, involving representatives of different federations of NRI organizations and reached an unanimous decision to form a 'Representative/coordinating Body' to represent all Pravasis. Accordingly, a non-profit public Trust by name 'PRAVASI CONCLAVE TRUST' was registered on Jan 23, 2020. This Trust has 15 initial Trustees and an Executive Committee holding voluntary positions of Chairman, President, Secretary and Treasurer.

An Administrative Office for the Trust was set up at Ernakulam under an Executive team to give appropriate services to Pravasis. We welcome all Pravasi organizations of Malayalis as well as people from other Indian states, all over the world, for the coordination and follow up of their concerns/genuine issues directly to Central and State Govt Ministries in India.



Please bear in mind that there are five lakhs Malayalis in USA and over two million in Middle East, Europe, Africa and Far East. Similarly, millions from other states of India. But there is no collective representation to address the issues concerning the Pravasi community. They all look upon the community leaders to act together to achieve things beneficial to all by addressing their critical issues. In this context also please note that there are over 40 lakhs returned Pravasis in Kerala itself, facing several problems. They all are prepared to join hands with us, if we are prepared to take them along with us. Then only the law makers will think positively to address our issues expeditiously.

During the past four years we have effectively helped a number of Pravasis through

a. The NRI (Kerala) Commission of Kerala under the retired Justice P.D. Rajan .
b. An MOU was signed with an international “Mediation & Arbitration’ Center for helping businesses expeditiously to settle disputes without long litigations
c. Rehabilitation projects such as Pravasree Haritham project for helping returned NRIs and for promoting post harvest processing of agricultural products
d. Assisted living for the seniors and sick parents of Pravasis in Kerala- ex: ANSFRID
e. The process of district wise protection and maintenance of Pravasi properties is in progress



The following topics are prioritized under our immediate action plan.

1. Re-establish a full fledged ministry to address Overseas Affairs of Pravasi Indians under a minister with cabinet rank
2. Expeditious resolution of disputes/legal conflicts faced by Pravasis through “Mediation & Arbitration’ service and Property Protection Commission chaired by Justice Rajan.
3. Getting a stand alone OCI card with biometrics for travel to India. Present card is linked to foreign passports.
4. Safe & secure as well as economic stay and tour arrangement in Kerala /India
5. Facilitate seniors/retired people of Indian origin to resettle back in India and enjoy all their old age home facilities in India using their job pensions and Social security privileges including Medicare etc.
6. Take appropriate action by central Ministry and RBI to avoid freezing of bank accounts of NRIs and their registered NGOs.
7. Assist Educational institutions of Kerala to upgrade their faculty and curriculum to absorb cutting edge technologies quickly with the help of education specialists . This will prevent migration of our youth to foreign countries at huge cost.

Our office staff in Kochi are now available 24x7 to help registered Pravasis/OCIs and we look forward to your continued support and cooperation.

Sincerely
Alex Vilanilam Koshy,
Chairman

പ്രവാസ ജീവിതത്തിന്റെ വെല്ലുവിളികൾ: ഒളിഞ്ഞുനില്ക്കുന്ന സങ്കീർണതകൾ

പോൾ കറുകപ്പിള്ളിൽ

പ്രവാസം മലയാളികളുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിട്ട് നാളേറെയായി. നിത്യജീവിതത്തിന്റെ അനിവാര്യതകളും കുടുംബ സംരക്ഷണത്തിന്റെ ബാധ്യതകളും താങ്ങാൻ പലരും സ്വന്തം മണ്ണ് വിട്ട് അന്യഭൂമിയിലേക്ക് കടക്കുന്നു.



പലർക്കും ഇത് ഒരു സ്വപ്ന സാക്ഷാത്കാരമാവുമ്പോൾ, ചിലർക്ക് സമാനതകളില്ലാത്ത വേദനകളുടെയും സങ്കീർണതകളുടെയും നിഴലായി മാറുന്നു. ഗൾഫ് രാജ്യങ്ങളിൽ അമേരിക്കയിലേക്കുള്ള പ്രവാസം, അതിന്റെ അനുഭവങ്ങൾ വ്യത്യസ്തമാകുമ്പോഴും, ഓരോ മലയാളിയും നേരിടുന്ന ചില പൊതുവായ പ്രശ്നങ്ങൾ വർത്തമാനകാല സാഹചര്യത്തിൽ അതീവ ഗുരുതരവുമായിത്തീരുന്നു.

പ്രവാസികൾ നാട്ടിലേക്ക് മടങ്ങുമ്പോൾ അവർക്കായുള്ള പുനരധിവാസ സംവിധാനങ്ങൾ ഇല്ലാത്തത് വലിയൊരു വെല്ലുവിളിയാവുന്നു.

ഒരാളുടെ ജീവൻ അവസാനിക്കുമ്പോൾ പോലും, അതിന്റെ നിയമപരമായ തടസ്സങ്ങൾ പലവിധ ദുരിതങ്ങളാണ് സൃഷ്ടിക്കുന്നത്. വിദേശത്ത് മരണമടഞ്ഞ ഒരാളുടെ ശരീരം നാട്ടിലെത്തിക്കാനാവശ്യമായ അനുമതികൾ, ഡോക്യുമെന്റുകൾ, സാമ്പത്തിക ബാധ്യതകൾ—ഇവയെല്ലാം കുടുംബാംഗങ്ങൾ നേരിടേണ്ടിവരുന്ന വലിയൊരു പ്രതിസന്ധിയാണ്. ചില രാജ്യങ്ങളിൽ നിയമപരമായ മൂർച്ഛിതമായ വ്യവസ്ഥകളുള്ളതിനാൽ സംസ്കാരത്തിനുള്ള അനുമതി വൈകിപ്പോകുന്ന സംഭവങ്ങളും അപൂർവമല്ല. പലപ്പോഴും പ്രവാസി സംഘടനകൾ, മിഷനുകൾ എന്നിവയുടെ ഇടപെടലുകൾ കൂടിയേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ.

തൊഴിലവസരങ്ങൾക്കും അതിനോടനുബന്ധിച്ച നിയമപ്രശ്നങ്ങൾക്കും പ്രവാസികൾ നേരിടുന്ന വെല്ലുവിളികൾ എണ്ണമറ്റതാണ്. ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണ നയങ്ങൾ ശക്തിപ്പെടുന്നതിനൊപ്പം പ്രവാസി തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയിലേക്കാണ് നീങ്ങുന്നത്. നിയമപരമായ അനുമതികൾ പുതുക്കേണ്ടതിന്റെ കാലതാമസങ്ങൾ മൂലം പലർക്കും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യങ്ങളും ഉണ്ടാവുന്നു. അമേരിക്കയിലോ യൂറോപ്യൻ രാജ്യങ്ങളിലോ സ്ഥിരതാമസത്തിന് അനുമതിയില്ലാത്തവർ, കുടിയേറ്റനിയമങ്ങൾ മൂലം വലഞ്ഞു കഴിയുന്ന അവസ്ഥയിലുമാണ്. തൊഴിൽസ്ഥലങ്ങളിൽ വിവേചനം നേരിടുന്ന നിരവധി പ്രവാസികൾ അതിനെക്കുറിച്ച് പരസ്യമായി പ്രതികരിക്കാനും മടിക്കാറുണ്ട്, കാരണം നിയമപരമായ നടപടികൾ ഭാവി തൊഴിലവസരങ്ങൾക്കും താമസാനുമതികൾക്കും ഭീഷണിയാകുമെന്ന ഭയം.



